**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3350** **01-03-2023 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിൽ കുളം പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം ലഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വർഷങ്ങളായി കുളം പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം ലഭിക്കാൻ അർഹതയുണ്ടോ; എങ്കിൽ ആയതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കേണ്ടതെന്നും ഏത് തലത്തിലാണ് തീരുമാനമെടുക്കേണ്ടതെന്നും വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ കുളം പുറമ്പോക്ക് വസ്തുക്കൾ പതിവ് വിധേയമല്ല. ബഹുമാനപ്പെട്ട സുപ്രീം കോടതിയിലെ Civil Appeal No. 1132/2011 of SLP (C) 319/2011 നമ്പർ കേസിൽ കുളം പുഴ പുറമ്പോക്കുകൾ വ്യക്തികൾക്ക് പതിച്ചു നൽകരുത് എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | വാമനപുരം മണ്ഡലത്തിൽ നെല്ലനാട് വില്ലേജിലെ കുളം പുറമ്പോക്കിൽ താമസിക്കുന്നവരുടെ പട്ടയത്തിനായുള്ള അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (ബി) | വാമനപുരം മണ്ഡലത്തിൽ നെല്ലനാട് വില്ലേജിലെ കുളംപുറമ്പോക്കിൽ താമസിക്കുന്നവ ആറ് പേരുടെ പട്ടയത്തിനായുള്ള അപേക്ഷയിന്മേൽ ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും ഈ കേസ് പട്ടയം മിഷനിൽ ഉൾപ്പെടുത്തി പട്ടയം നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. |
| (സി) | കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ സംസ്ഥാനത്ത് കുളം പുറമ്പോക്കിൽ താമസിക്കുന്ന എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ? | (സി) | കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി താലൂക്കിൽ കുളം പുറമ്പോക്കിൽ താമസിക്കുന്ന രണ്ടു കുടുംബങ്ങൾക്കും തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ കുളം പുറമ്പോക്കിൽ താമസിക്കുന്ന നാല് കുടുംബങ്ങൾക്കും പട്ടയം നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ